(8 pages) **Reg. No. : ..............................**

**Code No. : 12555** **Sub. Code : G 1 MY 21**

U.G. (CBCS) DEGREE EXAMINATION,
APRIL 2016.

Second Semester

Part I — Malayalam

Paper II – PROSE

(For those who joined in July 2012 and afterwards)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ചെറുകഥ ഇന്നലെ, ഇന്ന് – എന്ന ഗ്രന്ഥം രചിച്ചതാര്?

   (a) എം. പി. പോൾ

   (b) എം.കെ. തരകൻ

   (c) തകഴി ശിവശങ്കരപ്പിള്ള

   (d) എം. അച്യുതൻ

2. ചേന്നപ്പറയൻ പ്രധാന കഥാപാത്രമായി പ്രത്യക്ഷപ്പെടുന്ന കഥ ഏത്?

   (a) വെള്ളപ്പൊക്കത്തിൽ

   (b) മരപ്പാവകൾ

   (c) ഒത്തുതീർപ്പുകൾ

   (d) ചെറിയ ചെറിയ ഭൂകമ്പങ്ങൾ

3. അഷിത രചിച്ച കഥ ഏത്?

   (a) കലണ്ടർ

   (b) ഒത്തുതീർപ്പുകൾ

   (c) ചെറിയ ചെറിയ ഭൂകമ്പങ്ങൾ

   (d) വാനപ്രസ്ഥം

4. “നാലപ്പാട്ട് വീട് ആദ്യം ഒന്നേ ഉണ്ടായിരുന്നുള്ളൂ”– എവിടെയായിരുന്നു ആ വീട് സ്ഥിതിചെയ്തിരുന്നത്?

   (a) വന്നേരിയിൽ (b) കോഴിക്കോട്ടിൽ

   (c) ആലുവായിൽ (d) തൃശ്ശൂരിൽ



Nesamony Memorial Christian College, Marthandam

5. ആരെയാണ് മാധവിക്കുട്ടി ചെറിയോപ്പ് എന്ന് വിളിച്ചിരുന്നത്?

(a) കല്യാണിയമ്മയെ

(b) കുഞ്ചിയമ്മയെ

(c) ശാരദയെ

(d) അമ്പാഴത്തേൽ പാറുക്കുട്ടിയമ്മയെ

6. ആദിവാസിയെക്കുറിച്ച് ഒരു ആദിവാസി എഴുതിയ നോവൽ ഏത്?

(a) മുക്കണ്ണി (b) നെല്ല്

(c) കൊച്ചരേത്തി (d) കറ്റയും കൊയ്ത്തും

7. മലയാളത്തിലെ ലക്ഷണയുക്തമായ ആദ്യ നോവൽ എന്ന് വിശേഷിപ്പിക്കപ്പെടുന്ന 'ഇന്ദുലേഖ' പ്രസിദ്ധീകൃതമായത് ഏത് വർഷം?

(a) 1987 (b) 1897

(c) 1899 (d) 1889

8. വരിക്കമാക്കൽ ഇട്ട്യാതി അരയന്റെ പിതാവിന്റെ പേരെന്ത്?

(a) വലിയമുണ്ടൻ (b) കുഞ്ഞാദിച്ചൻ

(c) കൊച്ചുരാമൻ (d) കറുമ്പൻ



9. "മുളകും പാക്കുമൊക്കെ തോന്നിയ പോലെ വിൽക്കരുത്. രൊക്കം വില വാങ്ങാൻ പഠിക്കണം. പണം കിട്ടിയാൽ പട്ടക്കടയിലും ഷാപ്പിലുമൊന്നും കേറരുത്"– ആരുടെ ഉപദേശമാണിത്?

(a) കൃഷ്ണപിള്ളയുടെ (b) കൊച്ചുരാമന്റെ

(c) കുഞ്ഞാദിച്ചന്റെ (d) വലിയ മുണ്ടന്റെ

10. 'കൊച്ചരേത്തി' പ്രസിദ്ധീകരിച്ചത് ഏത് വർഷം?

(a) 1988 (b) 1998

(c) 2008 (d) 1996

PART B — (5 × 5 = 25 marks)

രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

11. (a) 'വിമാനയാത്രയെക്കാൾ റോഡുവഴിക്കുള്ള യാത്ര തന്നെയാണ് താരതമ്യേന നല്ലത്' എന്ന് എം.പി. വീരേന്ദ്രകുമാർ അഭിപ്രായപ്പെട്ടതിന്റെ യുക്തി പരിശോധിക്കുക.

അല്ലെങ്കിൽ

(b) മയൻ തീർത്ത രാജധാനിയുടെ പ്രത്യേകതകൾ സംഗ്രഹിക്കുക.



[P.T.O.]

Nesamony Memorial Christian College, Marthandam

12. (a) "പ്രകടമാവാത്ത സ്നേഹം നിരർത്ഥകമാണ്. പിശുക്കന്റെ 'ക്ലാവു പിടിച്ച' നാണ്യശേഖരം പോലെ ഉപയോഗശൂന്യവും"– മാധവിക്കുട്ടിയെക്കൊണ്ട് ഇങ്ങനെ പറയിപ്പിച്ച ചേതോവികാരമെന്ത്?

അല്ലെങ്കിൽ

(b) തിരുത്തിപ്പള്ളി മാധവമേനോനെ മാധവിക്കുട്ടി അനുസ്മരിക്കുന്നതെങ്ങനെ?

13. (a) 'ഒത്തു തീർപ്പുകൾ' എന്ന കഥയിലെ കുപ്പമ്മയെ പരിചയപ്പെടുത്തുക.

അല്ലെങ്കിൽ

(b) ചൂളൈമേടിലെ ശവങ്ങൾ എന്ന കഥയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

14. (a) 'കൊച്ചരേത്തി'യിൽ പ്രകടമാകുന്ന അരയന്മാരുടെ വിവാഹരീതിയെ വിവരിക്കുക.

അല്ലെങ്കിൽ

(b) മലയരയൻമാരുടെ ആരാധനാരീതികളെക്കുറിച്ച് 'കൊച്ചരേത്തി'യിൽ നിന്നും മനസ്സിലാക്കാനാവുന്ന സംഗതികൾ എന്തെല്ലാം?



15. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

(a) Kathakali is perhaps the most refined, scientific and meticulously defined dance form of Kerala. It is a form which is intensely challenging to the artiste for the need to exercise complete control over every nerve and fibre of his body, bringing out emotions from the subtlest to the most evident and coarse. The verse for it is called "Atta–Katha" and always relates to the Hindu epics and mythologies, predominantly the Ramayana and Mahabharatha, and scripted in the chastest form of Sanskritised Malayalam.

അല്ലെങ്കിൽ

(b) Jawaharlal Nehru was born on 14th November 1889 at Allahabad and educated in England at Harrow and Cambridge. In 1912, Nehru returned home to play a central role in India's struggle for freedom from British Colonial rule, and then, as Prime Minister of Independent India for seventeen years, went on to shape the nations future as a modern secular and democratic state. He died in Office, on 27 May 1964. Visionary and idealist, scholar and statesman of international stature, Nehru was also an outstanding writer. His three most renowned books – An Autobiography, Glimpses of World History and the Discovery of India– have acquired the status of classics.



Nesamony Memorial Christian College, Marthandam

PART C — (5 × 8 = 40 marks)

നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

16. (a) മലയരയരുടെ ജീവിതം സത്യസന്ധമായി ചിത്രീകരിക്കുന്നതിൽ നോവലിസ്റ്റ് എത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന് 'കൊച്ചരേത്തി'യെ മുൻനിർത്തി പരിശോധിക്കുക?

അല്ലെങ്കിൽ

(b) 'കൊച്ചരേത്തിയെ' മുൻനിർത്തി അന്നത്തെ ആദിവാസി സ്ത്രീകളുടെ അവസ്ഥ വിവരിക്കുക.

17. (a) തകഴിയുടെ 'വെള്ളപ്പൊക്കത്തിൽ' എന്ന കഥയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.

അല്ലെങ്കിൽ

(b) ചെറിയ ചെറിയ ഭൂകമ്പങ്ങൾ എന്ന കഥയെ മുൻനിർത്തി എം. ടി. വാസുദേവൻ നായരുടെ രചനാരീതി വെളിപ്പെടുത്തുക.

18. (a) നാലപ്പാട്ടു തറവാടിനെ മാധവിക്കുട്ടി അനുസ്മരിക്കുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) 'കറുത്തവരെ അടിച്ചു വേദനിപ്പിക്കുവാൻ വെളുത്തവർക്ക് യാതൊരു സങ്കോചവുമില്ലെന്ന്' മാധവിക്കുട്ടിക്ക് മനസ്സിലായതെപ്പോൾ? വ്യക്തമാക്കുക.



19. (a) ഗീതയുടെ മഹത്വം എം.പി. വീരേന്ദ്രകുമാർ വിവരിക്കുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) 'എന്തിനെല്ലാം സാക്ഷി, ഈ യമുന...' എന്ന അദ്ധ്യായത്തിൽ ഗ്രന്ഥകർത്താവ് വിവരിക്കുന്ന പ്രധാന സംഗതികൾ എന്തെല്ലാം?

20. ഉപന്യസിക്കുക.

(a) വിദ്യാർത്ഥികളും രാഷ്ട്രീയവും.

അല്ലെങ്കിൽ

(b) മതവും രാഷ്ട്രീയവും.



Nesamony Memorial Christian College, Marthandam